മധുരമായ കുട്ടികളെ- ബാബയുടെ സഹയോഗിയായി എല്ലാവരെക്കൊണ്ടും പുതിയ ലോകത്തേക്കുള്ള പുരുഷാര്ത്ഥം ചെയ്യിക്കൂ- സ്വയം നോളേജ്ഫുള് ആയത് പോലെ മറ്റുള്ളവരെയും ആക്കൂ.

ചോദ്യം :- നിങ്ങള് കുട്ടികള്ക്ക് ഇപ്പോള് ഏത് സ്മൃതിയിലിരിക്കണം? സ്മൃതിയുടെ അത്ഭുതമെന്താണ്?

ഉത്തരം :- നിങ്ങള്ക്ക് ഇപ്പോള് ബീജത്തിനെയും വൃക്ഷത്തിനെയും കുറിച്ചുള്ള അറിവ് ലഭിച്ചു, ആ അറിവിന്റെ സ്മൃതിയിലിരിക്കണം. ഈ സ്മൃതിയിലൂടെ നിങ്ങള് ചക്രവര്ത്തി രാജാവായി തീരുന്നു- ഇത് തന്നെയാണ് സ്മൃതിയുടെ അത്ഭുതം. ബാബ കുട്ടികള്ക്ക് സ്മൃതി ഉണര്ത്തുന്നു- കുട്ടികളെ നിങ്ങള്ക്ക് സ്മൃതി വന്നു, നിങ്ങള് അര കല്പം വളരെ ഭക്തി ചെയ്തു. ഇപ്പോള് ഞാന് നിങ്ങള്ക്ക് ഭക്തിയുടെ ഫലം നല്കാനാണ് വന്നിരിക്കുന്നത്. നിങ്ങള് വീണ്ടും വൈകുണ്ഠത്തിന്റെ അധികാരിയായി തീരുന്നു. ബാബ ഏതു പോലെ മധുരമാണൊ അതേപോലെ ബാബയുടെ ജ്ഞാനവും മധുരമാണ്, അതിനെ ഓര്മ്മിച്ചോര്മ്മിച്ച് സുഖം നേടണം.

ഗീതം :- ഉണരൂ പ്രിയതമകളെ ഉണരൂ...

ഓം ശാന്തി. മധുര മധുരമായ കുട്ടികള് ഗീതം കേട്ടുവല്ലോ. ഇന്ന് ദീപാവലിയാണ്. പുതിയ യുഗത്തെയായണ് ദീപാവലിയെന്നു പറയുന്നത്. സത്യയുഗത്തില് ദീപാവലിയൊന്നും ആഘോഷിക്കില്ല കാരണം അവിടെ സര്വ്വരുടെയും ആത്മാവാകുന്ന ജ്യോതി തെളിഞ്ഞു തന്നെയിരിക്കും. കുട്ടികള്ക്കറിയാം നമ്മള്പുതിയ ലോകത്തില് രാജ്യം നേടുന്നതിന് ശ്രീമത്തനുസരിച്ചുള്ള പുരുഷാര്ത്ഥമാണ് ചെയ്തു കൊണ്ടിരിക്കുന്നത്. നിങ്ങള് ഇപ്പോള് ത്രികാലദര്ശിയായി. ഭൂതം, ഭാവി വര്ത്തമാന കാലത്തെ അറിയുന്നവരെയാണ് ത്രികാലദര്ശിയെന്നു പറയുന്നത്. നിങ്ങള്ക്കിപ്പോള് 3 കാലങ്ങളെക്കുറിച്ചുള്ള അറിവുണ്ട്. അപ്പോള് മറ്റുള്ളവര്ക്കും മനസ്സിലാക്കി കൊടുക്കണം. സ്വയവും മുള്ളില് നിന്നും പുഷ്പമായി തീരുന്നു. മറ്റുള്ളവരെയും ആക്കണം. കഴിഞ്ഞു പോയതിന്റെ ചരിത്രവും ശാസ്ത്രവും മനസ്സിലാക്കുമ്പോള് ഭാവിയെ കുറിച്ചും മനസ്സിലാക്കുന്നവരായി തീരുന്നു. ഭാവിയെ അറിയുന്നതിലൂടെ വര്ത്തമാനത്തെയും അറിയുന്നു. ഇവരെയാണ് നോളേജ്ഫുള് എന്നു പറയുന്നത്. കഴിഞ്ഞുപോയത് കലിയുഗമാണ്, വര്ത്തമാനം സംഗമയുഗം, ഭാവി സത്യ ത്രേതായുഗം വരണം. അതിനാല് നിങ്ങള് കുട്ടികള് ഈ ചക്രത്തെ മനസ്സിലാക്കി, പുതിയ ലോകത്തിലേക്ക് പോകുന്നതിനുള്ള പുരുഷാര്ത്ഥം ചെയ്തു കൊണ്ടിരിക്കുന്നു, ബാബയുടെ സഹയോഗിയായി മറ്റുള്ളവരെ കൊണ്ടും പുരുഷാര്ത്ഥം ചെയ്യിക്കാന് തുടങ്ങി. ബാബ സിക്കിലധേയാണ്, നിങ്ങളും സിക്കിലധേയാണ് കാരണം 5000 വര്ഷങ്ങള്ക്ക് ശേഷമാണ് മിലനം ചെയ്യുന്നത്. അതിനാല് ബാബ വന്നിരിക്കുകയാണ് പ്രിയതമകളെ അലങ്കരിച്ച് പുതിയ ലോകത്തേക്ക് കൊണ്ടു പോകുന്നതിന്. കുട്ടികളുടെ ബുദ്ധിയില് മുകളില് നിന്ന് മൂല വതനം, സൂക്ഷ്മ വതനത്തെ കുറിച്ചുള്ള ജ്ഞാനമുണ്ട്. കുട്ടികള്ക്കറിയാം ഏതെല്ലാം ധര്മ്മസ്ഥാപകര് എപ്പോള്, എങ്ങനെ വന്ന് ധര്മ്മം സ്ഥാപിക്കുന്നുവെന്ന്. ബാബ നിങ്ങളെ നോളേജ്ഫുള് ആക്കി. ബാബയെ ഏറ്റവും പ്രിയപ്പെട്ടവന് എന്നു പറയുന്നു. ഏറ്റവും മധുരമാണ്. നിങ്ങള്ക്കറിയാം എത്ര മധുരമാണ് എന്ന്. ബാബയുടെ മഹിമ അപാരമാണ്, അതിനാല് ബാബയുടെ സമ്പത്തിന്റെയും മഹിമ അപാരമാണ്. പേര് തന്നെയാണ് സ്വര്ഗ്ഗം, ഹെവന്, പാരഡൈസ്. പരമാത്മാവിനെ പറയുന്നത് ഗോഡ്ഫാദര് എന്നാണ്, ദുഃഖത്തെ ഹരിച്ച് സുഖം നല്കുന്നവന് എന്നാണ്. അതിനാല് ബാബയെ എത്ര ഓര്മ്മിക്കണം. എന്നാല് ഡ്രാമയനുസരിച്ച് ഓര്മ്മ വരുന്നില്ല. ഈ ഗീതം എത്ര നല്ലതാണ്. വീടുകളില് 3-4 പാട്ടുകള് തീര്ച്ചയായും ഉണ്ടായിരിക്കണം. ഈ പാട്ടുകളും ബാബയുടെ ഓര്മ്മ ഉണര്ത്തുന്നു. ബ്രാഹ്മണരേ മനസ്സിലാക്കുന്നുള്ളൂ പുതിയ ദൈവീക ലോകം സ്വരാജ്യം അര്ത്ഥം ആത്മാവിന് ഇപ്പോള് രാജ്യം ലഭിച്ചു കൊണ്ടിരിക്കുന്നു. ലൗകീക അച്ഛനിലൂടെ സമ്പത്ത് ലഭിക്കുന്നുണ്ട്, അത് പരമാത്മാവിലൂടെ ലഭിച്ചു എന്ന് പറയില്ല. നിങ്ങള്ക്കറിയാം ബാബയില് നിന്നും രാജ്യം നേടി പിന്നെ നഷ്ടപ്പെടുത്തി. ഇപ്പോള് വീണ്ടും കരസ്ഥമാക്കി കൊണ്ടിരിക്കുന്നു. സത്യയുഗത്തില് പാവനമായിരുന്നു, പിന്നീട് പതിതമായി. പാടാറുണ്ട്- ശ്യാമസുന്ദരന്- ഇപ്പോള് സുന്ദരമാകുന്നതിന് സത്ഗുരുവിനെ ലഭിച്ചു. ഇപ്പോള് സത്ഗുരുവും, ഗോവിന്ദും രണ്ടും പേരും മുന്നിലുണ്ട്. പിന്നെ പറയുന്നു- ഗുരുവില് അര്പ്പണമാകുന്നു.....നിങ്ങള് കൃഷ്ണനായി കൊണ്ടിരിക്കുന്നു. ഇങ്ങനെ ആയി കൊണ്ടിരിക്കുന്ന കുട്ടികളിലാണ് ബാബ അര്പ്പണമാകുന്നത്. അവര് പറയുന്നു കൃഷ്ണന് ഗോക്കളെ മേയ്ച്ചിരുന്നുവെന്ന്. പിന്നെ ബ്രഹ്മാവിനെ കുറിച്ച് പറയുന്നു ഗോശാല

ഉണ്ടായിരുന്നുവെന്ന്. ഗോശാല ബ്രഹ്മാവിനും ഇല്ല, കൃഷ്ണനും ഇല്ല. ഗോശാല ശിവബാബയ്ക്കാണ് ഉള്ളത്.

ഇപ്പോള് നിങ്ങള് കുട്ടികള് ഉത്സവങ്ങളുടെ രഹസ്യങ്ങള് മനസ്സിലാക്കുന്നു. നിങ്ങള്ക്കറിയാം ദീപാവലിയുള്ളത് സത്യയുഗത്തിലാണ്. അവിടെ ജ്യോതി തെളിഞ്ഞിരിക്കും. നിങ്ങള്ക്ക് 21 ജന്മം ദീപാവലിയാണ്. ഇവിടെ വര്ഷ വര്ഷം ആഘോഷിക്കുന്നു. ഇന്ന് ആഘോഷിക്കുന്നു, നാളെ വിളക്ക് അണഞ്ഞു പോകുന്നു. സത്യയുഗത്തില് ആഘോഷമുണ്ടെങ്കില് അത് സിംഹാസനാരോഹണമായിരിക്കും, ആ ദിനത്തില് പടക്കം പൊട്ടിക്കുന്നു. ഇവിടെയാണെങ്കില് സാധാരണ രീതിയിലുള്ള വെടിക്കെട്ടാണ്, അതിലൂടെ പല അപകടങ്ങളും സംഭവിക്കുന്നു. അവിടെ സിംഹാസനാരോഹണത്തിന്റെ വലിയ ചടങ്ങാണ്. ഇവിടെ രാജ്യം ലഭിക്കുമ്പോള് വര്ഷാ വര്ഷം ആഘോഷിക്കുന്നു. എന്നാല് ഈ രാജ്യ ഭരണത്തില് സുഖമില്ല. ഇതാണ് ഭ്രഷ്ടാചാരി ലോകം, അതായിരുന്നു ശ്രേഷ്ഠാചാരി ലോകം. ബാബ പറയുന്നു- നോക്കൂ, നിങ്ങളെ എത്ര വിവേകശാലിയാക്കുന്നു. ബാബയെ ത്രിലോകിനാഥന് എന്നാണ് പറയുന്നത്. ത്രിലോകത്തിന്റെ അധികാരിയാകുന്നില്ല. ബാബയില് അറിവുണ്ട്. നിങ്ങളെ വൈകുണ്ഠത്തിന്റെ അധികാരിയാക്കുന്നു. നിങ്ങള്ക്ക് എത്ര സന്തോഷം ഉണ്ടായിരിക്കണം. അര കല്പം നിങ്ങള് ഭക്തി ചെയ്തു, ഇപ്പോള് ബാബയെ ലഭിച്ചു. ബാബ സ്മൃതി ഉണര്ത്തുന്നു- പറയുന്നു, സ്മരിക്കൂ, സ്മരിക്കൂ.... ആരെ? ബാബയെയും, ബാബയുടെ രചനയുടെ ജ്ഞാനത്തെയും. ബീജത്തെയും വൃക്ഷത്തെയും. ഈ സ്മൃതിയിലൂടെ നിങ്ങള് ചക്രവര്ത്തി രാജാവായി തീരുന്നു. നോക്കൂ, സ്മൃതിയുടെ അത്ഭുതം, എന്തില് നിന്നും എന്താക്കുന്നു. ഇതിനെയാണ് ആത്മീയ ജ്ഞാനം എന്നു പറയുന്നത്. ആത്മാവിന്റെ അച്ഛനാണ് ജ്ഞാനം കേള്പ്പിക്കുന്നത്. ഗീതയില് കൃഷ്ണന്റെ പേരാണ് കാണിച്ചിരിക്കുന്നത്. എന്നാല് ബാബ നിങ്ങള്ക്ക് ജ്ഞാനം നല്കി തന്നേക്കാള് ഉയര്ന്നതാക്കി മാറ്റുന്നു. നിങ്ങള് വൈകുണ്ഠത്തിന്റെ അധികാരിയായി തീരുന്നു. ഭൗതീക പഠിത്തം പഠിക്കുമ്പോള് ബുദ്ധിയിലുണ്ട് ഞാന് ബാരിസ്റ്റര് ആയി തീരുമെന്ന്. നിങ്ങള്ക്കറിയാം നമ്മള് ദരിദ്രരില് നിന്നും സമ്പന്നരായി തീരുന്നു. പിന്നെ മഹാരാജാവായി തീരും. ഇപ്പോള് ബാബ ടീച്ചറുടെ രൂപത്തിലൂടെ പഠിപ്പിച്ചു കൊണ്ടിരിക്കുന്നു. ലൗകീകത്തില് കുട്ടികള് 5 വയസ്സ് വരെ അച്ഛന്റെയടുത്തിരിക്കും, പിന്നെ ടീച്ചറുടെയടുത്ത്, വയസ്സാകുമ്പോള് ഗുരുവിന്റെയടുത്തും. ഇവിടെ ബാബയുടേതായി തീര്ന്നു, ബാബ ടീച്ചറുടെ രൂപത്തില് ശിക്ഷണം നല്കുന്നു, സത്ഗതിക്ക് വേണ്ടി കൂടെ കൊണ്ടു പോകുന്നു. ആ ഗുരു കൂടെ കൊണ്ടു പോകുന്നില്ല. സ്വയവും മുക്തിയിലേക്ക് പോകുന്നില്ല. അവര് യാത്രയ്ക്ക് കൊണ്ടു പോകുന്നു. നിങ്ങളും വഴികാട്ടി, അവരും വഴികാട്ടി. എന്നാല് അത് ഭക്തിയിലെ യാത്ര. ഈ ജ്ഞാനം നിങ്ങള്ക്കുണ്ട്. നിങ്ങള്ക്ക് സന്തോഷം ഉണ്ടായിരിക്കണം. ഇത് വിദ്യാര്ത്ഥി ജീവിതമാണ്, എന്തിന് മറക്കണം. എന്നാല് മായ സന്തോഷമായിരിക്കാന് അനുവദിക്കുന്നില്ല കാരണം കര്മ്മാതീത അവസ്ഥ അന്തിമത്തിലേ ഉണ്ടാകൂ. പറയാറില്ലേ സ്മൃതി ലബ്ധ. സ്മരിച്ച് സ്മരിച്ച് സുഖം നേടൂ, അവിടെ ക്ലേശങ്ങളൊന്നുമില്ല. പറയാറുണ്ട് ജീവന്മുക്തി. ബാബ ഏതു പോലെ മധുരമാണൊ, അതേപോലെ ബാബയുടെ ജ്ഞാനവും മധുരമാണ്. ബാബയുടെ മഹിമ അപരം അപാരമാണ് അര്ത്ഥം അന്ത്യം കണ്ടു പിടിക്കാന് സാധിക്കില്ല. ഇങ്ങനെ ഭക്തിയിലാണ് പറയുന്നത്. നിങ്ങള്ക്കിങ്ങനെ പറയാന് സാധിക്കില്ല കാരണം നിങ്ങള്ക്ക് മുഴുവന് ജ്ഞാനവും ലഭിച്ചു. നിങ്ങള് വളരെ മധുരമാകണം. സ്വയത്തെ നോക്കൂ- എന്നില് യാതൊരു അവഗുണവുമില്ലല്ലോ? ആരുടെയും അവഗുണം കാണുന്നില്ലല്ലോ? വളരെ മധുരമായ ദൃഷ്ടി വയ്ക്കണം. ബാബയ്ക്ക് എത്ര കുട്ടികളുണ്ട്. സര്വ്വരുടേയും മേല് മധുരമായ ദൃഷ്ടി ഉണ്ടല്ലോ. നിങ്ങളും അങ്ങനെ വെയ്ക്കണം. രാധയും കൃഷ്ണനും, ലക്ഷ്മീ നാരായണനും തമ്മില് എന്ത് സംബന്ധമാണുള്ളതെന്ന് മനുഷ്യര്ക്കറിയില്ല. അതിനാല് ചിത്രവും ഉണ്ടാക്കിയിട്ടുണ്ട്. രാധയും കൃഷ്ണനും സ്വയം വരത്തിന് ശേഷം ലക്ഷ്മീ നാരായണനായി തീരുന്നു. ബാബ വന്ന് സ്മൃതി ഉണര്ത്തുകയാണ്- കുട്ടികളെ നിങ്ങള് ദേവതമാരായിരുന്നു. പറയാറുണ്ട് ബ്രാഹ്മണ ദേവീ ദേവതായ നമഃ, ബ്രാഹ്മണര് പറയുന്നു എന്നാല് അറിയില്ല ബ്രാഹ്മണ, ദേവത, ക്ഷത്രിയ ഈ മൂന്ന് ധര്മ്മം സ്ഥാപിക്കുന്നു എന്ന്. ബ്രാഹ്മണരുടെ അച്ഛനാണ്- ബ്രഹ്മാവും ശിവനും. ബാബ സാധാരണ രൂപത്തിലാണ് വരുന്നത്. ഈ രഥം നിശ്ചിതമാണ്, ഭാഗ്യശാലി രഥമാണ്.

മനുഷ്യന് ദീപാവലി ദിവസം ലക്ഷ്മിയെ ധനത്തിന് വേണ്ടി ആഹ്വാനം ചെയ്യുന്നു. പണ്ട് നിങ്ങളും യാചിച്ചിരുന്നു. ഇവിടെയാണെങ്കില് ഭിക്ഷയാണ് യാചിക്കുന്നത്. വിളിക്കുന്നു, ധനം നല്കൂ, പുത്രനെ നല്കൂ. സത്യയുഗത്തില് ഇങ്ങനെ യാചിക്കില്ല. ശിവബാബ കുട്ടികളുടെ ഖജനാവ് നിറയ്ക്കുകയാണ്. ബാബ സ്വര്ഗ്ഗമാണ് രചിക്കുന്നത്, നരകമല്ല. ഇപ്പോള് ബാബ നരകത്തില് വന്നിരിക്കുകയാണ് സ്വര്ഗ്ഗവാസിയാക്കുന്നതിന്. സര്വ്വരും പതിതരാണ്, നമ്മള് നരകവാസിയാണെന്ന് മനസ്സിലാക്കുന്നില്ല. സ്വര്ഗ്ഗവാസിയായിരുന്നവര് നരകവാസിയായി. ഇപ്പോള് വീണ്ടും

സ്വര്ഗ്ഗവാസിയായി കൊണ്ടിരിക്കുന്നു. ശിവബാബയുടെ അകാലസിംഹാസനം ബ്രഹ്മാവാണ്, ബ്രഹ്മാവിലാണ് പരമാത്മാവ് പ്രവേശിക്കുന്നത്. ആത്മാവും അകാലമൂര്ത്താണ്. ആത്മാവിന്റെ സിംഹാസനം ഭ്രുകുടിയാണ്. അതിന്റെ അടയാളമാണ് തിലകം കാണിക്കുന്നത്, ഇന്നത്തെ കാലത്ത് കാളയ്ക്കും തിലകം തൊടിക്കുന്നു. അതിനാല് ഈ ഭ്രുകുടി ബ്രഹ്മാവിന്റെയും ശിവബാബയുടെയും സിംഹാസനമാണ്. അതിനാല് ഞാന് വന്ന് ജ്ഞാനം നല്കുന്നു, നോളേജ്ഫുള് ആണ്. ഞാന് സര്വ്വരുടെയും ഹൃദയത്തിലുള്ളത് മനസ്സിലാക്കുന്നില്ല, ചിന്തകളെ അറിയുന്നില്ല. മനസ്സിന്റെ അധികാരിയെന്നു പറയാം കാരണം ആത്മാവിനെയാണ് മനസ്സ് എന്നു പറയുന്നത്. അതിനാല് ഞാന് ആത്മാവിന്റെ അധികാരിയാണ്, ശരീരത്തിന്റെയല്ല. ഞാന് അധികാരിയാണെന്ന് സന്യാസിമാരും പറയാറുണ്ട്. അതിനാല് ഞാന് അവിനാശി ആത്മാവിന്റെ അധികാരിയാണ് കാരണം ഞാന് സ്വയം അവിനാശിയാണ്. നിങ്ങള് വിനാശി വസ്തുക്കളുടെ അധികാരിയായി തീരുന്നു, കാരണം നിങ്ങള് ഒരു വിനാശി ശരീരം വിട്ട് മറ്റൊന്ന് എടുക്കുന്നു. ഇപ്പോള് നിങ്ങള് വൈകുണ്ഠത്തിലേക്ക് പോകുന്നു, അതിനാല് പഠിത്തം പഠിച്ചു കൊണ്ടിരിക്കുന്നു. പറയാറില്ലേ- ജീവിക്കുന്നിടത്തോളം കാലം കുടിക്കണം. പഠിത്തം പൂര്ത്തിയാകുമ്പോള് ഈ ശരീരം ഉപേക്ഷിക്കും. പറയാറുണ്ട് പരമാത്മാവിന് സൃഷ്ടി രചിക്കണമെന്ന സങ്കല്പം ഉണ്ടായി. സമയമാകുമ്പോള് അഭിനയിക്കണമെന്ന ചിന്ത വരും, വന്ന് പാര്ട്ടഭിനയിക്കും. ബാബ പറയുന്നു- നിങ്ങള് പാര്ട്ടഭിനയിക്കുന്നത് പോലെ ഞാനും അഭിനയിക്കുന്നു. ബാക്കി ഞാന് ജനന മരണ ചക്രത്തില് വരുന്നില്ല, അതിനാല് എനിക്ക് എത്ര മഹിമയുണ്ട്. വൈകുണ്ഠത്തിനും മഹിമയുണ്ട്. സന്യാസിമാര്ക്ക് സത്യയുഗത്തിന്റെ സുഖത്തെ കുറിച്ചറിയില്ല. അവിടത്തെ സുഖം അവര്ക്ക് ലഭിക്കാനേ പോകുന്നില്ല. സത്യയുഗത്തിലും കംസനൊക്കെ ഉണ്ടായിരുന്നുവെന്ന് പറയുന്നു. അപ്പോള് മനസ്സിലാക്കുന്നു അവിടെയും സുഖം ഉണ്ടായിരുന്നില്ല എന്ന്. അതിനാല് മറ്റുള്ളവരെയും കേള്പ്പിക്കുന്നു- അല്പകാലസുഖമാണ് എന്ന്. ഇങ്ങനെ കേള്പ്പിച്ച് മറ്റുള്ളവരെകൊണ്ട് സന്യാസം ചെയ്യിക്കുന്നു. നിങ്ങള് കുട്ടികള് സ്വര്ഗ്ഗത്തിന്റെ സുഖം പ്രാപ്തമാക്കുന്നു. ഇത് അന്തിമ ജന്മമാണ്. സര്വ്വരും മരിക്കും. ഞാന് വന്നിരിക്കുന്നത് കൊണ്ടു പോകുന്നതിനാണ്, എന്താ നിങ്ങള് ഇവിടെ തന്നെയിരിക്കുമോ. കൊതുകിന്കൂട്ടത്തെ പോലെ സര്വ്വരെയും കൊണ്ടു പോകും. അതിനാല് മമ്മാ ബാബയെ പോലെ പുരുഷാര്ത്ഥം ചെയ്ത് ഉയര്ന്ന പദവി നേടണം. ബ്രഹ്മാമുഖവംശാവലിയല്ലേ. സത്യ ത്രേതായില് ഉള്ള അത്രയും ദേവീ ദേവതമാര് ഇപ്പോള് ബ്രഹ്മാമുഖവംശാവലിയാകും. അതിനാല് നിയമമനുസരിച്ച് മാതാ പിതാവുമാണ്, പിന്നെ സംരക്ഷിക്കുന്നതിന് വേണ്ടി മമ്മയെ നിയമിക്കുന്നു. പുതിയ പുതിയ കുട്ടികള് വന്നു കൊണ്ടേയിരിക്കുന്നു, പഠിത്തം പഠിച്ചു കൊണ്ടേയിരിക്കണം. അവസാനം വരെ വര്ദ്ധിച്ചു കൊണ്ടിരിക്കും. നന്നായി പാലന ചെയ്യണം. ബാബ പൂന്തോട്ടക്കാരനാണ്. സേവാകേന്ദ്രത്തില് വസിക്കുന്നവര് പൂന്തോട്ടം സൂക്ഷിപ്പുകാരാണ്. നിങ്ങള് പുഷ്പങ്ങളെ സംരക്ഷിക്കണം. നല്ല സൂക്ഷിപ്പുകാരല്ലായെങ്കില് എങ്ങനെ പൂക്കളെ സംരക്ഷിക്കും. സൂക്ഷിപ്പുകാര് നല്ല നല്ല പൂന്തോട്ടം ഉണ്ടാക്കുമ്പോള്, യജമാനന് കണ്ട് സന്തോഷിക്കും. ആരൊക്കെ നല്ല നല്ല പൂന്തോട്ടമുണ്ടാക്കിയെന്ന് പൂന്തോട്ടക്കാരന് നോക്കുന്നു. നിങ്ങള്ക്കും അറിയാം നല്ല നല്ല സൂക്ഷിപ്പുകാര് ആരാണെന്ന്. അവര്ക്ക് സമ്മാനം ലഭിക്കുന്നു. നിങ്ങള് സൂക്ഷിപ്പുകാരുടെ ശമ്പളം വര്ദ്ധിച്ചു കൊണ്ടിരിക്കുന്നു.

ഇപ്പോള് നിങ്ങള് കുട്ടികള് തന്റെ ലക്ഷ്യത്തെ ഓര്മ്മിക്കണം കാരണം നിങ്ങള്ക്ക് ഇപ്പോള് തിരികെ വീട്ടിലേക്ക് പോകണം അതിനാല് വീടിനെയും ഓര്മ്മിക്കണം. ഓര്മ്മിക്കാതെ ശാന്തിധാമിലേക്ക് പോകാന് സാധിക്കില്ല. ഇല്ലായെങ്കില് ശിക്ഷ അനുഭവിക്കേണ്ടി വരും, ഉയര്ന്ന പദവിയും ലഭിക്കില്ല. ഈ സമയത്ത് സൂക്ഷ്മ വതനത്തില് പോകുന്നവര് സേവനത്തിന് വേണ്ടിയാണ് പോകുന്നത്. ആദ്യത്തെ നമ്പറില് ബാബയാണ് സേവനം ചെയ്യുന്നത്, രണ്ടാമത്തേത് മമ്മ, കാരണം മമ്മ രണ്ടാമത്തെ നമ്പറില് വരണം. അതിനാല് നിങ്ങള് കുട്ടികളും മമ്മാ ബാബയെ അനുകരിക്കണം. ശരി.

വളരെക്കാലത്തെ വേര്പാടിന് ശേഷം കളഞ്ഞ് പോയി തിരികെ കിട്ടിയ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണയും പുലര്കാല വന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികള്ക്ക് നമസ്കാരം.

ധാരണയ്ക്കുള്ള മുഖ്യ സാരം:-

1. ബാബയ്ക്ക് സമാനം വളരെ മധുരമാകണം. സര്വ്വരെയും മധുരമായ ദൃഷ്ടിയിലൂടെ കാണണം. ആരുടെയും അവഗുണം കാണരുത്.

2. ഈശ്വരീയ വിദ്യാര്ത്ഥി ജീവിതത്തിന്റെ സന്തോഷത്തിലിരിക്കണം. ജീവിക്കുന്നിടത്തോളം കാലം ദിവസവും പഠിക്കണം.

വരദാനം :- ലഹരിയാകുന്ന അഗ്നിയിലൂടെ ഒരു ദീപം കൊണ്ട് അനേകം ദീപങ്ങളെ ജ്വലിപ്പിച്ച് സത്യമായ ദീപാവലി കൊണ്ടാടുന്ന കുലദീപമായി ഭവിക്കട്ടെ.

താങ്കള് ആത്മാവാകുന്ന ദീപത്തിന്റെ ലഹരി ഒരു ദീപരാജനാകുന്ന ബാബയോടൊപ്പം വെക്കുന്നത് തന്നെയാണ് സത്യമായ ദീപാവലി. ദീപത്തില് അഗ്നിയുള്ളത് പോലെ താങ്കളാകുന്ന ദീപങ്ങളില് ലഹരിയാകുന്ന അഗ്നിയുണ്ട്, അതിലൂടെ അജ്ഞാനമാകുന്ന അന്ധകാരം അകലുന്നു. ആളുകള് ദീപാവലിക്ക് മണ്ണുകൊണ്ടുള്ള സ്ഥൂല ദീപങ്ങള് തെളിയിക്കുന്നു പക്ഷെ താങ്കള് ചൈതന്യ ദീപങ്ങള് കുലത്തിന്റെ ദീപവും ബാപ്ദാദയുടെ ആശാദീപവുമാണ്. താങ്കളുടെ ഏകരസവും നിശ്ചിതവും സ്ഥിരവുമായ തെളിഞ്ഞ ദീപം കൊണ്ട് അനേക ദീപങ്ങളെ തെളിയിക്കാമെങ്കില് സത്യമായ ദീപാവലിയുണ്ടാകും.

സ്ലോഗന് :- സമയത്തിന്റെ മഹത്വത്തെ അറിയൂ എങ്കില് സര്വ്വ പ്രാപ്തികളുടെ ഖജനാവുകളാല് സമ്പന്നരാകാം.